പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4500 — 25/06/2019 മറുപടിയ്ക്ക്

# ലഹരി ഉപഭോഗവും വ്യാപനവും തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ** | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| സ്കൂൾ തലത്തിൽ മദ്യത്തിന്റെയും മറ്റ് ലഹരിമരുന്നുകളുടെയും ഉപഭോഗവും വ്യാപനവും തടയുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സ്കൂളുകളിൽ മദ്യത്തിന്റെയും മറ്റു ലഹരിമരുന്നുകളുടേയും ഉപഭോഗവും വ്യാപനവും തടയുന്നതിന് സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ പോലീസ്, എക്സൈസ് വകുപ്പുകളുടെ സഹകരണത്തോടെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിവരുന്നുണ്ട്.<br>മദ്യത്തിന്റെയും മയക്കമരുന്നിന്റെയും സ്വാധീനം വിദ്യാർത്ഥികളിൽ ഉണ്ടാകാതിരിക്കുന്നതിന് പാഠ്യപദ്ധതയിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ജീവ ശാസ്ത്രം പാഠപുസ്തകങ്ങളിൽ ലഹരി വസ്തുക്കളുടെ ദുരപയോഗം സംബന്ധിച്ചും മദ്യം, പുകവലി എന്നിവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചും വിശദീകരിച്ചിട്ടുണ്ട്. ആഹ്ലാദത്തിന്റെ പുതു വഴികൾ തേടുമ്പോൾ എന്ന പേരിൽ എസ്.സി.ഇ.ആർ.ടി പ്രസിദ്ധീകരിച്ച റഫറൻസ് പുസ്തകങ്ങൾ ഈ മേഖലയിൽ കൂടുതൽ അവബോധം വളർത്തുന്നവയാണ്. ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.എസ്) തുടങ്ങിയ പദ്ധതികൾ, ഉല്ലാസപ്പറവകൾ എന്ന പേരിൽ ജീവിത നൈപുണീവികസനത്തിനായി നടപ്പിലാക്കിയ പദ്ധതി എന്നിവ ഈ ലക്ഷ്യം മുൻനിറുത്തിയുള്ളവയാണ്.<br>സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബിന്റെ ഭാഗമായി ലഹരി വിരുദ്ധ പദാർത്ഥങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബിന്റെ കോ-ഓർഡിനേറ്റർമാർക്ക് |

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള വിദഗ്ദ പരിശീലനം ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS), നിന്നും നൽകിയിട്ടുണ്ട്.

സൗഹൃദ ക്ലബ്ബുള്ള 1319 ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് സ്റ്റുഡന്റ്സ് ട്രെയിനിംഗിന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെപ്പറ്റി പരിശീലനം നൽകി. കൂടാതെ സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരി പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട പരാതികൾ എക്സൈസ് വകുപ്പിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ്, പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം സ്കൂളുകളിൽ സാധ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ